33

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JANUARY 2023

## സംസ്ഥാന വ്യവസായ വകുപ്പിന്റെ
# സംരംഭക വർഷം പദ്ധതിയ്ക്ക് ദേശീയ അംഗീകാരം



കേരള വ്യവസായ വകുപ്പിന്റെ 'സംരംഭക വർഷം' രാജ്യത്തെ മികച്ച പദ്ധതികളിലൊന്നായി കേന്ദ്ര സർക്കാർ അവതരിപ്പിച്ചു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ നടന്ന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിലാണ് രാജ്യത്തെ 'ബെസ്റ്റ് പ്രാക്ടിസ് പദ്ധതി' കളുടെ കൂട്ടത്തിൽ സംരംഭക വർഷം പദ്ധതി അവതരിപ്പിക്കപ്പെട്ടത്.

കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ട പദ്ധതിയാണിത്.2022 മാർച്ച് 30 ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. 2022 ഏപ്രിലിൽ തുടക്കം കുറിച്ച പദ്ധതി നവംബർ ആയപ്പോൾ തന്നെ ലക്ഷ്യം പൂർത്തിയാക്കി. ഒരു വർഷം കൊണ്ട് നേടാൻ ഉദ്ദേശിച്ചത് 8 മാസം കൊണ്ട് നേടിയ പദ്ധതി പല മാനങ്ങൾ കൊണ്ട് ഇന്ത്യയിൽ തന്നെ രചിച്ചത് പുതു ചരിത്രമാണ്. സംരംഭങ്ങൾ രൂപീകരിക്കാനെടുത്ത ചുരുങ്ങിയ സമയം, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യങ്ങൾ, പുതുതായി സംരംഭകത്വത്തിലേക്ക് വന്ന വനിതകളുടെ എണ്ണം തുടങ്ങി ഈ പദ്ധതി സൃഷ്ടിച്ച റെക്കോഡുകൾ നിരവധിയുണ്ട്.

## വ്യവസായ നിറവിൽ കേരളം;
# സംരംഭക മഹാസംഗമം 2023 ജനുവരി 21 ന്




എന്റെ സംരംഭം നാടിന്റെ അഭിമാനം

**കേ**രള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ചരിത്രം സൃഷ്ടിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭക മഹാസംഗമം സംഘടിപ്പിക്കുന്നു. 2023 ജനുവരി 21ന് എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ 10000 ത്തിൽപ്പരം നവസംരംഭകർ ഒരുമിക്കും. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്ഘാടനം ചെയ്യുന്ന സംരംഭക മഹാസംഗമത്തിൽ നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, ധനമന്ത്രി കെ. എൻ. ബാലഗോപാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ്, റവന്യു വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ, പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ എന്നിവർ പങ്കെടുക്കും.

സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി നേരത്തെ തന്നെ ചരിത്ര ലക്ഷ്യം പൂർത്തീകരിച്ചിരുന്നു. ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പു തന്നെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച പദ്ധതി സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. പദ്ധതി ആരംഭിച്ച് 235 ദിവസം പിന്നിടുമ്പോഴാണ് ഈ നേട്ടം കൈവരിക്കപ്പെട്ടത്. 8 മാസത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചെങ്കിൽ അവശേഷിക്കുന്ന ദിവസങ്ങളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ചു കൊണ്ടായിരിക്കും സംരംഭക വർഷം അവസാനിക്കുക.

# സംരംഭക വർഷം സംഭവ്യമാക്കിയ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ അനുമോദിച്ചു



സംരംഭക വർഷം പദ്ധതിയെ വിജയകരമായി പൂർത്തീകരിക്കാൻ നേതൃത്വം നൽകിയ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരെ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അനുമോദിച്ചു. 2023 ജനുവരി നാലിന് തിരുവനന്തപുരത്ത് ഹിൽട്ടൺ ഹോട്ടലിൽ നടന്ന ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ മീറ്റിങ്ങിൽ സംരംഭക വർഷം പദ്ധതിയുടെ പുരോഗതിയും ഇനി കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും ബഹു. മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്യപ്പെട്ടു.

ഓരോ വർഷവും ശരാശരി പതിനായിരം സംരംഭങ്ങൾ മാത്രമാരംഭിക്കുന്ന കേരളത്തിൽ കഴിഞ്ഞ 8 മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചത് നിരവധി ഉദ്യോഗസ്ഥരുടെ കഠിനാധ്വാനത്തിന്റെ കൂടി ഫലമായിട്ടാണ്. നമ്മുടെ നാട്ടിലെ സർക്കാർ ഉദ്യോഗസ്ഥരെക്കുറിച്ചുണ്ടായിരുന്ന കാഴ്ചപ്പാട് തിരുത്തുക കൂടിയാണ് ഇവരെന്നും കേരളത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ഏറെ സഹായകമായിട്ടുണ്ടെന്നും ബഹു. മന്ത്രി ചൂണ്ടികാട്ടി.

സംരംഭക വർഷം പദ്ധതിയിൽ ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം നിശ്ചയിച്ചപ്പോൾ നമുക്കിത് സാധിക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രയത്നിച്ച്, 8 മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയ വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐഎഎസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ് എന്നിവരെയും യോഗത്തിൽ മന്ത്രി അനുമോദിച്ചു.

## സംരംഭകത്വ വികസന നൈപുണ്യ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു

കേരള സർക്കാർ 2022 - 23 നെ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി സംരംഭകത്വത്തിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും, സംരംഭകരാവാൻ താൽപ്പര്യമുള്ള വിവിധ തുറകളിൽ ഉള്ള ആൾക്കാർക്ക് സംരംഭം തുടങ്ങാൻ ഉതകുന്ന മേഖലകളിൽ നൈപുണ്യം നൽകുക എന്ന ഉദ്ദേശത്തോടും, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അസാപ് കേരളയുമായി കൈകോർത്ത് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 2023 ജനുവരി 04ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് തിരുവനന്തപുരത്ത് ഹിൽട്ടൺ ഹോട്ടലിൽ വച്ച് നിർവഹിച്ചു. ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീമതി ആർ. ബിന്ദുവും ചടങ്ങിൽ സന്നിഹിതയായിരുന്നു.

ഒരു ജില്ലയിൽ രണ്ട് ബാച്ചുകൾ എന്ന രീതിയിൽ സംസ്ഥാനത്ത് ഇരുപത്തിയെട്ട് ബാച്ചുകൾ ആയാണ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ഉടനീളം എഴുന്നൂറ് പേർക്കാണ് ഈ പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുക. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ നടത്തുന്ന ഈ പദ്ധതി പരിശീലനാർത്ഥികൾക്ക് സൗജന്യമായി ആണ് ലഭ്യമാകുക. ഇത്തരത്തിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന പരിശീലനാർത്ഥികൾക്ക് വ്യവസായ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശത്തോടെ സംരംഭങ്ങൾ തുടങ്ങാനും സ്വയം തൊഴിൽ ആരംഭിക്കാനും സാധിക്കുന്നതാണ്.



## ഭൗമസൂചിക പദവി നേടിയ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വെബ്സൈറ്റ്

# 'ജിഐ കോൺക്ലേവ്' സംഘടിപ്പിച്ചു

സംസ്ഥാനത്ത് ജിയോഗ്രാഫിൽ ഇൻഡിക്കേഷൻ (ജിഐ) ഉള്ള ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ്, വിപണന സാങ്കേതിക വിദ്യകൾ മെച്ചപ്പെടുത്തുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജിഐ കോൺക്ലേവ് സംഘടിപ്പിച്ചു. സമ്മേളനത്തോടനുബന്ധമായി സംസ്ഥാനത്തെ ഭൗമസൂചിക പദവിയുള്ള (ജി ഐ) ഉത്പന്നങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വികസിപ്പിച്ച വെബ്സൈറ്റിന്റെ https://www.gikerala.in ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജിവ് നിർവ്വഹിച്ചു.

2023 ജനുവരി 11ന് തിരുവനന്തപുരത്തെ താജ് ഹോട്ടലിൽ സംഘടിപ്പിച്ച യോഗത്തിൽ ജി ഐഉത്പന്നങ്ങൾക്ക് ലോകവിപണിയിൽ ഇടം നേടാൻ സാധിക്കുമെന്നും സംസ്ഥാനത്തെ പല പ്രദേശങ്ങളിൽ നിന്നുമുള്ള കൂടുതൽ തനത് ഉത്പന്നങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.

ഇന്ത്യയിൽ നാന്നൂറിൽപരം തനത് ഉത്പന്നങ്ങളാണ് ഇതുവരെ ജി ഐ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളത്. ഇതിൽ 35 എണ്ണം കേരളത്തിൽ നിന്നാണ്. ജി ഐ ഉത്പന്നങ്ങളിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും ഇവക്ക് ആവശ്യമായ വിപണി പിന്തുണ വെബ്സൈറ്റിൽ നിന്ന് ലഭിക്കുമെന്നും ബഹു. മന്ത്രി വ്യക്തമാക്കി.







ജി ഐ. ഉത്പന്നങ്ങൾക്ക് വിപണിയും നിയമപിന്തുണയും ഉറപ്പാക്കുന്നതിനായി ഒരു മാർഗരേഖ വികസിപ്പിക്കുന്നതിനെ കുറിച്ച് കൂടിയാലോചനകൾ ആവശ്യമാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐഎഎസ് പറഞ്ഞു. സംസ്ഥാനത്തെ ജി ഐ ഉത്പാദകരുടെ നിലവിലെ സ്ഥിതിയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും മനസ്സിലാക്കി പരിഹാരം കാണാനാണ് ജി ഐ ഉത്പാദകരുടെ സംഗമം സംഘടിപ്പിച്ചതെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ് ഹരികിഷോർ ഐഎഎസ് പറഞ്ഞു. വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. കെ. സുധീർ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.